"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തിരുവനന്തപുരം കോർപ്പറേഷനിൽ ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. എ.എസ്.ഷിബു അഹമ്മദ് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത സി.പി(സി).50/2021 നമ്പർ കേസിലെ 12.08.2021തീയതിലെ ഇടക്കാല ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.1979/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/10/2021

പരാമർശം:-

1. ശ്രീ. എ.എസ്.ഷിബു അഹമ്മദ് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ515/2020 നമ്പർ കേസിലെ 12.03.2020 തീയതിലെ വിധിന്യായം
2. 01.02.2021 തീയതിയിലെ സ.ഉ.(സാധാ)നം.275/2021/തസ്വഭവ
3. നഗരകാര്യഡയറക്ടറുടെ 03.06.2021 തീയതിയിലെ വി1-23892/2019നമ്പർ ഉത്തരവ്
4. ശ്രീ. എ.എസ്.ഷിബു അഹമ്മദ് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത സി.പി(സി).50/2021 നമ്പർ കേസിലെ 12.08.2021 തീയതിലെ ഇടക്കാല ഉത്തരവ്.

ഉത്തരവ്

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ തൃശ്ശൂർ നഗരസഭയിൽ ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. എ.എസ്.ഷിബു അഹമ്മദ്, നെടുമങ്ങാട് നഗരസഭ സെക്രട്ടറിയുടെ 7.01.2020-ലെ ജി1-3666/11 നം ഉത്തരവ് നടപടികൾപ്രകാരം, ടിയാന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ചതിനെതിരെയും ടിയാനെതിരെയുള്ള അച്ചടക്കനടപടി ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷക്കാലത്തേയ്ക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കിയതിനെതിരെയും ബഹു.കേരള അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണൽ മുമ്പാകെ OA No.515/2020 ഫയൽ ചെയ്യുകയും പ്രസ്തുത കേസിൽ ബഹു. ട്രിബ്യൂണലിന്റെ 12.3.2020-ലെ ഉത്തരവുപ്രകാരം, ശ്രീ. എ.എസ്.ഷിബു അഹമ്മദ്, സർക്കാരിൽ സമർപ്പിച്ചിട്ടുള്ള 31.01.2020 തിയതിയായ അപ്പീൽ അപേക്ഷ(A16)യിന്മേൽ, കോടതി ഉത്തരവ് ലഭിച്ച് 6 ആഴ്ചക്കകം, ടിയാനെ കേട്ടതിനുശേഷം, നിയമാനുസൃതമായ തീരുമാനം കൈകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നു.

2. ബഹു. ട്രിബ്യൂണലിന്റെ ഉത്തരവിലെ നിർദ്ദേശപ്രകാരം, 23.10.2020-ന് രാവിലെ 11.30 -ന് ശ്രീ. എ.എസ്.ഷിബു അഹമ്മദിനെ നേരിൽ കേൾക്കുകയും, നേരിൽ കേട്ട സമയത്തെ ടിയാന്റെ

വാദങ്ങളുടേയും, നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ മേൽ വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും, ശ്രീ.എ.എസ്.ഷിബു അഹമ്മദിനെ സർവ്വീസിൽ പുന.പ്രവേശിപ്പിച്ചു കൊണ്ടും സസ്പെൻഷൻ കാലയളവ് ക്രമവത്ക്കരിച്ചുകൊണ്ടും ശിക്ഷണനടപടികൾ ഏർപ്പെടുത്തിക്കൊണ്ടും പുറപ്പെടുവിച്ച നെടുമങ്ങാട് നഗരസഭ സെക്രട്ടറിയുടെ 7.01.2020-ലെ ജി1-3666/11 നം ഉത്തരവ് നടപടികൾക്കെതിരെ നഗരകാര്യഡയറക്ടർ മുമ്പാകെ ടിയാൻ 16.01.2020-തീയതിയായി അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത അപ്പീൽ അപേക്ഷ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാൻ നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകികൊണ്ടും, OA No.515/2020-നുമേൽ ബഹു. ട്രിബ്യൂണലിന്റെ 12.3.2020-ലെ വിധിന്യായം നടപ്പിലാക്കിക്കൊണ്ടും പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു.

3. OA No.515/2020-നുമേൽ ബഹു. ട്രിബ്യൂണലിന്റെ 12.3.2020-ലെ വിധിന്യായം നടപ്പിലാക്കിയിട്ടില്ലായെന്ന പരാതിയുമായി ശ്രീ.എ.എസ്.ഷിബു അഹമ്മദ്, ഹെഡ് ക്ലാർക്ക്/ റവന്യൂ ഇൻസ്പെക്ടർ, തിരുവനന്തപുരം കോർപ്പറേഷൻ, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സി.പി.(സി)നം 50/2021 ഫയൽ ചെയ്തു. പ്രസ്തുത കേസ് ബഹു. ട്രിബ്യൂണൽ പരിഗണിക്കുകയും സി.പി.(സി)നം 50/2021 -യിലെ Annexure P3 ആയ 01.02.2021-ലെ സ.ഉ(സാധാ)നം. 275/2021/തസ്വഭവ- ഉത്തരവും, തുടർന്നുള്ള നഗരകാര്യ ഡയറക്ടറുടെ 03.6.2021-ലെ വി1-23892/2019 നം ഉത്തരവ് നടപടികളും OA No.515/2020-ന്മേൽ ബഹു. ട്രിബ്യൂണലിന്റെ 12.3.2020-ലെ ഉത്തരവുപ്രകാരമല്ല പുറപ്പെടുവിച്ചിട്ടുള്ളത് എന്ന് അഭിപ്രായപ്പെടുകയും ആയതിനാൽ ടി.ഉത്തരവുകൾ റദ്ദാക്കുവാനും OA No.515/2020 -ന്മേൽ ബഹു. ട്രിബ്യൂണലിന്റെ 12.3.2020-ലെ ഉത്തരവുപ്രകാരം പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുവാനും പരാമർശം 4 പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

4. ബഹു. ട്രിബ്യൂണലിന്റെ മേൽ നിർദ്ദേശപ്രകാരം ശ്രീ. എ.എസ്.ഷിബു അഹമ്മദിന്റെ 31.01.2020 തീയതിയിലെ എ16 അപ്പീൽ അപേക്ഷ സർക്കാർ വീണ്ടും വിശദമായി പരിശോധിക്കാൻ തീരുമാനിച്ചു. ആയതിന്റെയടിസ്ഥാനത്തിൽ പരാമർശം 2 പ്രകാരം പുറപ്പെടുവിച്ച 01.02.2021 തീയതിയിലെ സ.ഉ(സാധാ)നം.275/2021/തസ്വഭവ-(അനക്ഷർ പി3) ഇതിനാൽ റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Jaisy Paul
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം( ആമുഖ കത്ത് സഹിതം)
ശ്രീ.എ.എസ്.ഷിബു അഹമ്മദ്, ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ, തിരുവനന്തപുരം കോർപ്പറേഷൻ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ